**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **12-06-2024 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ മേഖലകളിൽ മികവ് തെളിയിച്ച കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | കലാകാരപെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ<br><br>1. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശിൽപകല, പൂരക്കളി, ബാൻഡ് വാദ്യം, നാടൻകലകൾ, മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.<br><br>2. 60 വയസ്സ് പൂർത്തിയായവരും വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയിൽ കവിയാത്തവരുമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.<br><br>3. സിനിമയുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഈ പദ്ധതി പ്രകാരം കലാകാരപെൻഷന് അപേക്ഷിക്കാവുന്നതല്ല.<br><br>4. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, ജനനത്തീയതി തെളിയിക്കുന്നതിന് ആധാർ കാർഡിന്റെ പകർപ്പ് / എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ് / സ്കൂൾ അഡ്മിഷൻ എക്സ്ട്രാക്റ്റിന്റെ പകർപ്പ് തുടങ്ങിയവ സ്വയം സാക്ഷ്യപ്പെടുത്തിയത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.<br><br>5. കലാകാരനാണെന്ന് തെളിയിക്കുന്നതിനായി എംഎൽഎ/ എംപി / ഗസറ്റഡ് ഓഫീസർ (അല്ലെങ്കിൽ) പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി എന്നിവർ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ ഒർജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. |

| | | | |
|---|---|---|---|
| | | | 6. കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ഏതെങ്കിലും ധനസഹായം ലഭിച്ച് കൊണ്ടിരിക്കുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സംസ്ഥാന പദ്ധതി പ്രകാരമുള്ള കലാകാര പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br><br>7. മറ്റ് സാമൂഹ്യ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നില്ല എന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br><br>8. ഓരോ ആൾക്കും പ്രതിമാസം 1600/- രൂപ നിരക്കിൽ സഹായം നൽകുന്നതാണ്. വികലാംഗ പെൻഷൻ / തനത് ഫണ്ടിൽ നിന്നുള്ള ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നവർക്ക് 600/- രൂപ നിരക്കിലും സഹായം നൽകുന്നതാണ്. |
| (ബി) | ഇതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത്; വിശദമാക്കാമോ; | (ബി) | കലാകാര പെൻഷന് വേണ്ടിയുള്ള അപേക്ഷകൾ കലാ രൂപവുമായി ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കലാകാര പെൻഷനുള്ള അനുമതി സർക്കാർ നൽകി വരുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് എത്ര പേർക്കാണ് കലാകാര പെൻഷൻ ലഭിച്ച് വരുന്നത്; വിശദമാക്കാമോ? | (സി) | നിലവിൽ (2024 ജൂൺ വരെ) 2049 കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ